**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6867** **21-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിൽ എല്ലാ വർഷവും ജനുവരിയിൽ ആരംഭിക്കുന്ന ഓൺലൈൻ (എച്ച് .ആർ.എം.എസ്.) സ്ഥലം മാറ്റത്തിന് നാളിതുവരെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | എച്ച്.ആർ.എം.എസ് മോഡ്യൂളിൽ ജീവനക്കാരുടെ വിവരങ്ങളിൽ, സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും നാളതീകരിയ്ക്കുന്നതിന് ഡി.ഡി.ഒ.മാർക്ക് സമയം അനുവദിച്ചിട്ടുണ്ട്. നാളതീകരണം പൂർത്തിയായാൽ ഈ മാസം തന്നെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പ്രമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിച്ച അനുകമ്പാർഹരായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ജീവനക്കാർ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | പൊതുസ്ഥലംമാറ്റത്തിൽ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം നൽകണമെന്ന അപേക്ഷകളിൽ നിന്നും പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് മാറിയവരുടെ അപേക്ഷകൾ മാത്രമായി കണ്ടെത്തുന്നത് പ്രായോഗികമല്ല. |
| (സി) | ഓൺലൈനിൽ സ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ ജീവനക്കാർക്ക് എന്നുമുതൽ സൗകര്യമൊരുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | എച്ച്.ആർ.എം.എസ് മോഡ്യൂളിൽ ജീവനക്കാരുടെ വിവരശേഖരണം ത്വരിതഗതിയിൽ പൂർത്തിയാക്കി, ഓൺലൈൻ സ്ഥലംമാറ്റത്തിന് മാർച്ച് മാസത്തിൽ തന്നെ അപേക്ഷിക്കാൻ ജീവനക്കാർക്ക് സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ